# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **434** | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## സംസ്ഥാനത്തെ കോഴി വില

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.റോജി എം. ജോൺ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ കോഴി വില്പനക്കാർ നടത്തിയ സമരം ഒത്തുതീർന്നത് എന്ത് വിലയ്ക്ക് കോഴി വിൽക്കാം എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ്; | (എ) & (ബി) | ജി.എസ്.ടി നടപ്പിലായതോടെ ലൈവ് ചിക്കന് നിലവിലുണ്ടായിരുന്ന നികുതി പൂർണ്ണമായും ഒഴിവായ സാഹചര്യത്തിൽ നികുതി കിഴിച്ചുള്ള വിലയ്ക്ക് കോഴി വില്ക്കണം എന്നതാണ് സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം. ന്യായമായ വിലയ്ക്ക് കോഴി വിൽക്കാം എന്ന് ധാരണയായിരുന്നു. അന്യായ വില ഈടാക്കുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വിലയ്ക്ക് കോഴി വിൽക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; കോഴി കച്ചവടക്കാർ ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ ഉറപ്പ് ലംഘിച്ച് അന്യായ വില ഈടാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അമിത വില ഈടാക്കിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| (സി) | ജി.എസ്.റ്റി. നിലവിൽ വന്നതോടെ കെപ്കോ അതിന്റെ വിലയിൽ 14.5% കുറവ് വരുത്തിയിട്ടുണ്ടോ ? | (സി) | ജി.എസ്.ടി നിലവിൽ വന്നതിനു ശേഷം ശീതീകരിക്കാത്ത കോഴിയിറച്ചിയുടെ വിലയിൽ 14.5% നികുതി കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ